**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 273** **22-07-2021 - ൽ മറുപടിയ്ക്ക്**

**പ്രവർത്തനരഹിതമായ സംഘങ്ങളുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. എന്നാൽ പുനരുജ്ജീവനത്തിനായി അപേക്ഷ സമർപ്പിക്കുന്ന സംഘങ്ങളെ പ്രത്യേകമായി പരിഗണിച്ച് വരുന്നുണ്ട്. |
| (ബി) | ഇത്തരം സംഘങ്ങൾക്ക് സഹായം അനുവദിക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കുന്നത് ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശക്തിയാർജ്ജിക്കാൻ സാധ്യതയുള്ള സഹകരണ സംഘങ്ങളെ പുനരുദ്ധരിപ്പിക്കുന്നതിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് റിപ്പോർട്ടിന്റെ 65% സർക്കാർ ധനസഹായമായി അനുവദിക്കുന്നുണ്ട്. സബ്സിഡി 20%, ഓഹരി 20%, വായ്പ 25% എന്ന നിരക്കിലാണ് ധനസഹായം അനുവദിക്കുന്നത്. കുറഞ്ഞത് 10 വർഷത്തെ ഫലപ്രദമായ പ്രവർത്തന പരിചയം ഉള്ളതും, സംഘങ്ങളുടെ സഞ്ചിത നഷ്ടം സ്വന്തം ഫണ്ടിനെക്കാൾ അധികരിക്കാത്തതുമായ സംഘങ്ങൾക്കാണ് ഇപ്രകാരം ധനസഹായം അനുവദി ക്കുന്നത്. |
| (സി) | ഇല്ലെങ്കിൽ ഇതിനായി ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുമോ? | (സി) | പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ